# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 4/2385/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 13/11/2025
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

DISTRICT AUDIT OFFICE
KERALA STATE AUDIT DEPARTMENT

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

## മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-12-2024 മുതൽ 24-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അശറഫ് പെരുമ്പള്ളി, കെ.എ.എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (പൂർണ്ണ അധിക ചുമതല) | 25-09-2025 | 03-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-09-2025 | 03-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സക്കീർ ഹുസൈൻ.പി, ഓഡിറ്റ് ഓഫീസർ

ശ്രീ.മുഹമ്മദ് സിയാദ്.പി.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ആലസ്സൻകുട്ടി. യു,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. സക്കീന കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷജിനി ഉണ്ണി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ വിനോദ് പട്ടാളത്തിൽ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷരീഫ് ഉമ്മിണിയിൽ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 15-02-2025 | 31-03-2025 |
| ശ്രീമതി ബിന്ദു പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ഡോ. ബാബു | മെഡിക്കൽ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. മുനീർ റഹ്മാൻ | പട്ടികജാതി വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ ബിനു സുധാകർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 16-08-2024 |
| ശ്രീമതി മിർഫത്ത് പറമ്പൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-08-2024 | 31-03-2025 |
| ശ്രീ നിസാം കെ കാരി | വ്യവസായ വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി റജീന പി സി | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2024 | 19-07-2024 |
| ശ്രീമതി റംലത്ത് പി സി | ശിശു വികസന പദ്ധതി ഓഫീസർ | 20-07-2024 | 31-03-2025 |
| ശ്രീമതി. റീന.എ | ശിശു വികസന പദ്ധതി ഓഫീസർ ,അഡീഷണൽ | 01-04-2024 | 31-05-2024 |
| ശ്രീമതി റജീന പി സി | ശിശു വികസന പദ്ധതി ഓഫീസർ ,അഡീഷണൽ | 01-06-2024 | 20-07-2024 |
| ശ്രീമതി സക്കീന കെ വി | ശിശു വികസന പദ്ധതി ഓഫീസർ ,അഡീഷണൽ | 21-07-2024 | 31-03-2025 |
| ശ്രീ. മുഹമ്മദലി. പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2024 | 14-02-2025 |
| ശ്രീമതി സൈഫുന്നീസ ടി കെ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-1- 5 |
| 7 | അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-1-6 |
| 8 | ആസ്തികൾ സൃഷ്ടിക്കപ്പെടുന്നതിന് അനുസൃതമായി തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റുന്നില്ല. | 1-1-7 |
| 9 | പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം വാർഷിക കണക്കിൽ ചേർത്ത് കാണുന്നില്ല. | 1-1-8 |
| 10 | ആകെ തേയ്മാന ചെലവ് (Accumulated Depreciation) തുക അതുമായി ബന്ധപ്പെട്ട ആസ്തികളുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു. | 1-1-9 |
| 11 | സ്വീകരിച്ച ചെലവ് പത്രിക പ്രകാരമുള്ള വിവിധ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-11 |
| 22 | മുൻകൂർ നൽകിയത് - വ്യക്തതയില്ലാത്തത് സംബന്ധിച്ച് | 1-12 |
| 23 | കേരളോത്സവം നടത്തിപ്പ്- തനത് ഫണ്ടിൽ നിന്നും അധിക തുക ചെലവഴിച്ചു | 1-13 |
| 24 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 1-14 |
| 25 | കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത് പരിപാലിക്കുന്നില്ല. | 1-15 |
| 26 | വാടക രജിസ്റ്റർ - അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല. | 1-16 |
| 27 | HMC-വാർഷിക കണക്കുകൾ ലഭ്യമാക്കിയില്ല | 1-17 |
| 28 | മുൻകൂറായി തുക നൽകി. മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല | 1-18 |
| 29 | പി.എം.എ.വൈ - ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. | 1-19 |
| 30 | ഭിന്ന ശേഷി സ്കോളർഷിപ്പ്- വിനിയോഗ വിവരം ലഭ്യമല്ല | 1-20 |
| 31 | സ്വയം തൊഴിൽ സംരംഭത്തിന് സഹായം -സബ്സിഡി കൈപറ്റിയ ഗുണഭോക്താക്കൾ സംരംഭം ആരംഭിച്ചില്ല. | 1-21 |
| 32 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - അഡ്വാൻസ് കൈപ്പറ്റി നാളിതുവരെ പഠനമുറി നിർമ്മാണം ആരംഭിച്ചില്ല. | 1-22 |
| 33 | കുടിവെള്ള പദ്ധതി പുനരുദ്ധാരണം - പഴയ മോട്ടോറും അനുബന്ധ സാമഗ്രികളും - ലേലം ചെയ്ത് മുതൽ കൂട്ടിയില്ല | 1-23 |
| 34 | സ്റ്റേജ് നിർമാണം - മണ്ണ് കിളച്ചെടുക്കുന്നതിന് അധിക തുക നൽകി | 1-24 |


ഭാഗം 2

—No Records Found—

## ഭാഗം 3

— No Records Found —

## ഭാഗം 4


| | | |
|---|---|---|
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ | 4-12 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 12.06.2025 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 13.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തെയുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

DISTRICT AUDIT OFFICE
KERALA STATE AUDIT DEPARTMENT
MALAPPURAM - 676 505

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തീയതി : 13-11-2025

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

ക്യാഷ് ഫ്ലോ പത്രികയിലെ തന്‍വർഷത്തെ ആകെ ക്യാഷ് ഫ്ലോയും (43,48,302) മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (42,83,065) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നതാണോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂളിലെ വിവിധ ശീർഷകങ്ങളിലായി സ്വീകരിച്ച ഡെപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പ് 1,163,872/- രൂപയുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല

### 1-1- 5 ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമാക്കിയില്ല.

ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-17(a) പ്രകാരം ഈയിനത്തിലുള്ള തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

### 1-1-6 അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-18ഷെഡ്യൂളിലെ 460500501, 460509901 എന്നീ ശീർഷകങ്ങളിലുള്ള അഡ്വാൻസ് നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

### 1-1-7 ആസ്തികൾ സൃഷ്ടിക്കപ്പെടുന്നതിന് അനുസൃതമായി തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റുന്നില്ല.

31.3.24 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B 3 പ്രകാരമുള്ള "Capital Contribution" (ശീർഷകം 312100101) എന്ന ശീർഷകത്തിലെ അതേ തുക തന്നെയാണ് 31.3.25 ലെ ബാലൻസ്ഷീറ്റിലും ചേർത്തിരിക്കുന്നത്. അതേ സമയം സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി "അസിസ്റ്റന്റ് എഞ്ചിനീയർക്ക് ലാപ്ടോപ്പ് വാങ്ങൽ" (പ്രോജക്ട് നം.79) എന്ന പദ്ധതി പ്രവർത്തനം തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സൃഷ്ടിക്കപ്പെട്ട ആസ്തികൾക്ക് തത്തുല്യമായ മൂല്യം വാർഷിക കണക്കിൽ ചേർക്കാത്തത് 26.7.11 ലെ ജി.ഒ(എം.സ്) നം.152/11തസ്വഭവ പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

### 1-1-8 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം വാർഷിക കണക്കിൽ ചേർത്ത് കാണുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B17 പ്രകാരം താഴെ പരാമർശിച്ചിട്ടുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B4-ൽ ചേർത്ത് കാണുന്നില്ല.

| ക്രമ നം. | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക (രൂപയിൽ) |
|---|---|---|---|
| 1 | 450210101 | SBI – E Tender | 1,88,975 |
| 2 | 450620101 | Kerala Gramin Bank 2296-Misc- A/C | 19,02,720 |

| | | | |
|---|---|---|---|
| 3 | 450620105 | Kerala Gramin Bank<br>TSC-2617 | 30,83,762 |

### 1-1-9 ആകെ തേയ്മാന ചെലവ് (Accumulated Depreciation) തുക അതുമായി ബന്ധപ്പെട്ട ആസ്തികളുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു.

31.3.25 ലെ ബാലൻസ്ഷീറ്റ് പ്രകാരം ശീർഷകം 410710103 – Movable Assests – Office Equipments And Other Equipments – ന്റെ ആകെ ആസ്തി മൂല്യം 83,86,806 രൂപയാണ്. എന്നാൽ ഇതേ ബാലൻസ് ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ ആകെ തേയ്മാന ചെലവ് (Accumulated Depreciation) ആയി ശീർഷകം 411600101 പ്രകാരം ചേർത്തിരിക്കുന്ന മൂല്യം 87,92,646 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ തേയ്മാന ചെലവ് കണക്കാക്കാൻ ആവില്ല.

### 1-1-10 സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിവിധ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ജില്ലാ പഞ്ചായത്ത് വിഹിതം എന്നീ ഫണ്ടുകൾ ഉപയോഗിച്ച് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ വിവിധ പ്രോജക്ടുകളുടെ ചെലവുകൾ സുലേഖ പത്രിക പ്രകാരവും വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഫണ്ട് | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് (രൂപയിൽ) | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് (രൂപയിൽ) | | | വ്യത്യാസം (രൂപയിൽ) |
|---|---|---|---|---|---|---|
| | | | റവന്യൂ ചെലവ് (ഷെഡ്യൂൾ I6) | മൂലധന ചെലവ് (ഷെഡ്യൂൾ B-3) | ആകെ | |
| 1 | ജില്ലാ പഞ്ചായത്ത് വിഹിതം | 19,94,786 | 17,53,155 | - | 17,53,155 | 2,41,631 |
| 2 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 1,81,56,003 | 1,84,00,383 | - | 1,84,00,383 | 2,44,380 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/24-25/3-10-25) മറുപടി ലഭ്യമായില്ല.

### 1-2 ബജറ്റ്

| 2024-25 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./ തിയ്യതി | പുതുക്കിയ തീരുമാന നം./ തിയ്യതി |
|---|---|
| 1(1)/14.02.2024 | 2(1)a/14.02.2025 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16680940 |
| വരവ് | 106594041 |
| ആകെ | 123274981 |
| ചെലവ് | 102310976 |
| നീക്കിയിരിപ്പ് | 20964005 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 36440520 | 36440520 | 36193600 | 246920 |
| വികസന ഫണ്ട് (SCP) | 0 | 20420000 | 20420000 | 20335632 | 84368 |
| വികസന ഫണ്ട് (TSP) | 0 | 70480 | 70480 | 0 | 70480 |
| CFC (Untied ) | 0 | 6720406 | 6720406 | 6822712 | -102306 |
| CFC (Tied) | 0 | 14061510 | 14061510 | 11333291 | 2728219 |
| റോഡിതരം (MG) | 0 | 57000 | 57000 | 56999 | 1 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2024-25 | 149 | 138050099 | 125 | 83431156 | 0 | 24 | 83.89 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.09.2025 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കാഷ് ബാലൻസ് ഒന്നും ഇല്ലയെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1- എഞ്ചിനീയറിങ് മുഖേന നിർവഹിക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ടുകളുടെ എണ്ണം കൂടുതലാണ്.

2- കരാറുകാർ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തതിനാൽ ഫണ്ട് ലാപ്സാവുന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ., മിക്ക പ്രവൃത്തികളും നിലവിലും സമയ പരിധിക്കുള്ളിൽ പൂർത്തായാകുന്നില്ല. ആയതിന് നടപടികൾ സ്വീകരിക്കുന്നില്ല.

3- വിഹിതം നൽകൽ പ്രോജക്റ്റിൽ സർക്കാർ നിർദേശ പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി , വിനിയോഗ സാക്ഷ്യപത്രം ഫയലിൽ വെക്കുന്നതിന് ശ്രദ്ധപുലർത്തുന്നില്ല.

4- വാടക സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.11.24-27.11.24 | 01.04.2023-31.03.2024 | 2.12.2024 |

| | | | |
|---|---|---|---|
| എ.ജി. ഓഡിറ്റ് | 10.03.2022-17.03.2022 | 01.04.2017 മുതൽ<br>28.02.2022 വരെ | 13.06.2022 |

## 1-11 ഹെൽത്ത് ഗ്രാന്റ് അവലോകനം

ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 02/26-09-2025 ന് മറുപടിയായി സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു -

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2021-22 ൽ അനുവദിച്ച ഹെൽത്ത് ഗ്രാന്റ്, അവാർഡ് കാലയളവിൽ (2021-2026) 6 സ്കീമുകളിലായി നടപ്പാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് ലഭിച്ച് തുടങ്ങിയത് 2021-22 വർഷം മുതലാണ്.ബ്ലോക്ക് പഞ്ചായത്തുകളിലെ ആരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്.

| | |
|---|---|
| സ്കീം-1 | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമിക്കുവാൻ സഹായം |
| സ്കീം-2 | ബ്ലോക്ക് പൊതുജനാരോഗ്യകേന്ദ്രങ്ങൾക്ക് സഹായം |

2022-23 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ **ലഭിച്ച** ഗ്രാന്റിന്റെ വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു -

| വർഷം | സ്കീം -1<br>Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs | സ്കീം -2<br>Grants For Specific Purposes - Health Grant Towards Buildingless Subcentres, Towards Support For Diagnostic InfraStructure To CHCs | ആകെ |
|---|---|---|---|
| 2021-22 | NIL | NIL | 0 |
| 2022-23 | NIL | 2757000 | 2757000 |
| 2023-24 | NIL | 4217000 | 4217000 |
| 2024-25 | NIL | NIL | 0 |
| ആകെ | NIL | 6974000 | 6974000 |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ **ചെലവഴിച്ച** തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | സ്കീം -1 | സ്കീം -2 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|---|
| 2021-22 | NIL | 0 | 0 | 0 | 0 |
| 2022-23 | NIL | 0 | 0 | 0 | 0 |
| 2023-24 | NIL | 0 | 0 | 0 | 0 |
| 2024-25 | NIL | 2125580 | 0 | 0 | 2125580 |
| ആകെ | | 2125580 | 0 | 0 | 2125580 |

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ **നീക്കിയിരിപ്പുള്ള** തുകയുടെ വിവരങ്ങൾ -

| വർഷം | സ്കീം -1 | സ്കീം -2 | ആകെ |
|---|---|---|---|
| 2024-25<br>(പലിശ ഉൾപ്പെടെ) | 0 | 4948403 | 4948403 |

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേര് വിവരം

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|

| | | |
|---|---|---|
| 2024-25 | പള്ളിക്കൽ FHC യിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (SO158/2025) | 546718 |
| 2024-25 | പള്ളിക്കൽ FHC ലാബ് നവീകരണം അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (SO159/2025) | 1160000 |
| 2024-25 | പള്ളിക്കൽ FHC യിലേക്ക് ലാബ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (SO160/2025) | 198862 |
| 2024-25 | പള്ളിക്കൽ FHC യിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ (SO161/2025) | 220000 |
| | ആകെ | 21,25,580 |

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം

ഇല്ല.

ഹെൽത്ത് ഗ്രാന്റിൽ അവശേഷിക്കുന്ന 49,48,403 രൂപ പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്റ്റുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗം നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 മുൻകൂർ നൽകിയത് - വ്യക്തതയില്ലാത്തത് സംബന്ധിച്ച്

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B18 ഷെഡ്യൂൾ പ്രകാരം താഴെ രേഖപ്പെടുത്തിയ തുകകൾ അസറ്റ് ഹെഡിൽ ബുക്ക് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | തുക | റിമാർക്സ് |
|---|---|---|---|
| 1 | 460500501 Advance To Implementing Officers | 13,27,424 | ലെഡ്ജർ പരിശോധിച്ചതിൽ എൽ.എസ്.ജി.ഡി അസി .എഞ്ചി എഞ്ചിനീയറുടെ ഓഫീസിലെ ഡ്രൈവർക്ക് വേതനം,പള്ളിക്കൽ ഈവനിംഗ് ഒ.പി സ്റ്റാഫുകൾക്ക് വേതനം , വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കണ്ടിജന്റ് ചെലവുകൾക്ക് അനുവദിച്ച തുകയാണ്. |
| 2 | 460509901 Advance To Other | 14,48,743 | ലെഡ്ജർ പരിശോധിച്ചതിൽ തൊഴിലുറപ്പ് പദ്ധതി വിഭാഗം ജീവനക്കാരുടെ ഭരണ ചെലവുകൾ, സാക്ഷരത പ്രേരകിന് തനതുഫണ്ടിൽ നിന്നും നൽകിയ സാക്ഷരതാ മിഷന്റെ Share (40% )തുകയാണ്. |

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ക്രമ നം 1,2 എന്നിവയിൽ ഏതൊക്കെ ഇനം തുകകളാണ് ക്രമീകരിക്കാനുള്ളത് എന്ന് വ്യക്തമല്ല. അസറ്റ് ഹെഡിൽ രേഖപ്പെടുത്തിയ മേൽ തുകയുടെ ആധികാരികത പരിശോധിച്ച്, വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. തുക തനത് ഫണ്ടിലേക്ക് ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/2024-25/03.10.2025)മറുപടി ലഭ്യമാക്കിയില്ല. തുകയുടെ ക്രമീകരണം സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 കേരളോത്സവം നടത്തിപ്പ്- തനത് ഫണ്ടിൽ നിന്നും അധിക തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | 20/25, കേരളോത്സവം 2024-25 |
| അടങ്കൽ | 1,50,000 (തനത് ഫണ്ട്), 1,00,000 (യുവജന ക്ഷേമ ബോർഡ് വിഹിതം) |
| ചെലവ് തുക | 1,89,632/- (തനത് ഫണ്ട്) |
| ചെലവ് തുക | വൗച്ചർ നം 22400564/29-03-2025-89,632/-രൂപ<br>വൗച്ചർ നം22400350/30-11-24- 1,00,000/-രൂപ |

2024 വർഷത്തെ കേരളോത്സവം നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 150000 രൂപയും യുവജനക്ഷേമ ബോർഡ് വിഹിതം- 100000 രൂപയും ഉൾപ്പെടെ 250000 രൂപ വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു . എന്നാൽ കേരളോത്സവം 2024 സംഘാടനത്തിനായി, ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള സംസ്ഥാന യുവജന ക്ഷേമ ബോർഡ് ഗ്രാന്റ് തുക വകയിരുത്തിയിട്ടില്ലെന്ന് സംസ്ഥാന യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറി 20/03/2025 തീയ്യതിയിലെ

P336 /DYC-MPM/24(2) നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

സ.ഉ (സാധാ)നം 2151 /2024/ത.സ്വ.ഭ.വ തീയതി 11.11.2024 പ്രകാരം കേരളോത്സവം 2024 ന് ബ്ലോക്ക് പഞ്ചായത്തിന് തനത് / പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്ന തുക 1.5 ലക്ഷം രൂപയാണ്. എന്നാൽ പരാമർശിത വൗച്ചറുകൾ പ്രകാരം 1,89,632/- രൂപ ചെലവഴിച്ചിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(9/24-25/29-9-25)കേരളോത്സവത്തിന് യുവജന ക്ഷേമ ബോർഡ് വിഹിതമായി ഒരു ലക്ഷം രൂപ അനുവദിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് മലപ്പുറം യൂത്ത് പ്രോഗ്രാം ഓഫീസറുടെ 12.11.2024 ലെ P336 /DYC-MPM/24 നമ്പർ കത്ത് പ്രകാരം അറിയിച്ചിരുന്നുവെന്നും ആയത് പ്രകാരമാണ് ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 150000 രൂപയും യുവജനക്ഷേമ ബോർഡ് വിഹിതം- 100000 രൂപയും ഉൾപ്പെടെ 250000 രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നത് എന്നും എന്നാൽ കേരളോത്സവം പൂർത്തിയായ ശേഷവും യുവജന ക്ഷേമ ബോർഡ് ഗ്രാന്റ് തുക ലഭ്യമാകാത്ത സാഹചര്യത്തിലാണ് തനത് ഫണ്ടിന് പുറമെ 39632/-രൂപ അധികമായി ചെലവഴിച്ചത് എന്നും ആയത് തനത് ഫണ്ടിൽ നിന്നുള്ള ചെലവായി 15.4.2025 ലെ 2/3 നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട് എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായ തുകയിലും കൂടുതൽ തുക ചെലവഴിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമാവുന്നതു വരെ, അധികമായി ചെലവു ചെയ്ത ₹39,632/- തടസ്സം ചെയ്യുന്നു.

## 1-14 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് സംബന്ധിച്ച്.

2024-25 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ പ്രോജക്ടുകൾ പ്രകാരം ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്

| പ്രോജക്ട് | ചെലവ് തുക | ബിൽനം/വൗച്ചർ നം | തുക കൈമാറിയ സ്ഥാപനം. | ഫണ്ട് |
|---|---|---|---|---|
| 94/25 വിവിധ എസ്സ്. സി കോളനികളുടെ കുഴൽ കിണർ നിർമ്മാണം | 259188 | BRN 241510630036000141923/ 9-5-2024. 203013/-രൂപ<br>BRN 241510630036000141948/ 9-5-2024. 56175/-രൂപ | ഭൂജല വകുപ്പ് | (SCP) |
| 186/25 വൃത്തി 2025-ദി ക്ലീൻ കേരള കോൺക്ലേവ് | 200000 | വൗച്ചർ 22400565/29-03-2025-200000/- രൂപ | ശുചിത്വ മിഷൻ | തനത് ഫണ്ട് |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ പദ്ധതികൾക്കായി ചെലവഴിച്ച 4,59,188/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/03-10-25) മറുപടി ലഭ്യമായിട്ടില്ല.

## 1-15 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത് പരിപാലിക്കുന്നില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതി ചെലവുകളിൽ നിന്നും പള്ളിക്കൽ എഫ് എച്ച് സിയിലേക്ക് കമ്പ്യൂട്ടർ , പ്രിന്റർ, ലാപ് ടോപ്, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി കൈമാറിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കുന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള മാതൃകയിലും, പൂർണ്ണ വിവരങ്ങൾ ചേർത്തുമല്ല സ്റ്റോക്കിൽ എടുക്കുന്നത്/പരിപാലിക്കുന്നത് എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| പദ്ധതി നം, ഫണ്ട്, ചെലവ് തുക | വൗച്ചർ/ബിൽ, തുക | സ്ഥാപനം, ഇൻവോയ്സ്, മറ്റ് വിശദാംശം |
|---|---|---|
| പള്ളിക്കൽ എഫ് എച്ച് സിയിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ | Rs. 256415<br>ബിൽനം C102434359654/17-08-24<br>Rs. 132490<br>ബിൽനം | KELTRON, ITB/14384/24-25/28-12-24 ,<br>8GB DDR4 RAM ,512GB SSD -5 DESKTOP Computers 5yr Warrenty<br>KVR System Sales &Services<br>CLT B2B24/25-0561/14-1-25-Canon Laser Printer |

| | | |
|---|---|---|
| | | MF272DW/1YEAR WARRANTY -3എണ്ണം-77991/-രൂപ |
| | C012538540098/21-01-25 | CLT B2B24/25-0562/14-1-25-Canon Inkjet PrinterGX2070 1YEAR WARRANTY -1എണ്ണം-24499/-രൂപ |
| വാങ്ങൽ<br>(158/25)<br>(ഹെൽത്ത് ഗ്രാന്റ്)<br>546718/-രൂപ | Rs. 85980/-<br>ബിൽനം<br>C012538965163/21-1-25 | CLT B2B24/25-0563/14-1-25-Canon DR -SCANNER -3YEAR WARRANTY -1എണ്ണം-30000/-രൂപ<br>Monarch System,Calicut, MONCLT24-25/16-1-257/ 2 എണ്ണം ACER LAP AMD R5 /8GBRAM /512GBS SD HDD3yr WARRANTY |
| | Rs. 71833/-<br>ബിൽനം<br>C012550507112/30-1-25 | RJEnterprises,Kottayam,RJE03268/24-25/25-01-25 (65833/-രൂപ)<br>-പ്രൊജക്ടർ EB FH 06/3yr WARRANTY<br>RJE0/24-23270/2024-25/25-01-25 (6000/- രൂപ)<br>HDMI CABLE 15 METRE -1 എണ്ണം |

മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടു.

1)ഇൻവോയിസ് നമ്പർ ITB/14384/24-25/28-12-24നമ്പർ പ്രകാരം കെൽട്രോണിൽ നിന്നും 5 DESKTOP Computers പി എച്ച്സിയിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ (പേജ് നം 25) 4 എണ്ണം മാത്രമെ സ്റ്റോക്കിലെടുത്തിട്ടുള്ളു.ഒരു DESKTOP കമ്പ്യൂട്ടർ ലഭ്യമായതായി കാണുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) ഗവ. സർക്കുലർ നം. 86/2010/ഫിൻ തി. 24.09.2010 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ,സോഫ്റ്റ് വെയർ എന്നിവക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ എല്ലാത്തിനും ഒരു സ്റ്റോക്ക് രജിസ്റ്ററാണ് സൂക്ഷിക്കുന്നത്. ആയതിൽ മേൽ പുതിയ പ്രിന്ററുകളും കമ്പ്യൂട്ടറുകളും ഉൾപ്പടെ എല്ലാ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും പൂർണ്ണ വിവരങ്ങൾ ചേർത്ത് സ്റ്റോക്കിലെടുത്തിട്ടില്ല.

ഉപകരണം ഓരോന്നിനും സ്റ്റോക്ക് നമ്പർ നൽകിയിട്ടില്ല. പദ്ധതി നമ്പറോ, വാറണ്ടി ഉറപ്പ് വരുത്തുന്നതിലേക്കും ഉപകരണം പിന്നീട് തിരിച്ചറിയുന്നതിലേക്കുമായി ബ്രാൻഡ്, സീരിയൽ നമ്പർ, വില ഇടങ്ങിയ മറ്റ് വിവരങ്ങളോ രജിസ്റ്ററിലോ സ്റ്റോക്ക് നമ്പർ/പദ്ധതി വിവരം ഉപകരണങ്ങളിലോ രേഖപ്പെടുത്തിയതായും കാണുന്നില്ല.

ഉപകരണങ്ങൾ പുതിയത് ലഭ്യമാകുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി, ഓരോ ഉപകരണങ്ങൾക്കും പ്രത്യേകം പേജ് അനുവദിച്ച് സ്റ്റോക്ക് നമ്പർ, ബിൽ/വൗച്ചർ, മോഡൽ/സീരിയൽ നമ്പർ, വില, വാറണ്ടി ഇടങ്ങിയ വിവരങ്ങൾ ചേർത്ത് സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തേണ്ടതും സ്റ്റോക്ക് എൻട്രി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. കേടാവുന്ന ഉപകരണങ്ങൾ ഉപയോഗ കാലയളവും റിപ്പയർ ചെയ്യുന്നത് ഗുണകരമാണോ എന്നതും പരിശോധിച്ച ശേഷം കാരണം രേഖപ്പെടുത്തി ഓഫീസ് മേധാവിയുടെ സാക്ഷ്യപ്പെടുത്തലോട് കൂടി ഡെഡ് സ്റ്റോക്ക്/സ്ക്രാപ്പ് രജിസ്റ്ററിലേക്ക് മാറ്റേണ്ടതും ഇവ സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് കയ്യൊഴിയേണ്ടതുമാണ്. അല്ലാത്ത പക്ഷം, സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കുക എന്നതോടൊപ്പം ഉപകരണങ്ങൾ നഷ്ടപ്പെട്ടാൽ തിരിച്ചറിയാതെ പോകുന്നതിനും കേടായാൽ വാറണ്ടി ഉറപ്പ് വരുത്താനാവാതെ റിപ്പയർ ചെയ്ത് അധിക ചെലവിന് കാരണമാകുന്നതുമാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/3-10-25) മറുപടി ലഭ്യമാക്കിയില്ല.

സ്റ്റോക്ക് നമ്പർ, ബിൽ/വൗച്ചർ, മോഡൽ/സീരിയൽ നമ്പർ, വില, വാറണ്ടി ഇടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തും സ്റ്റോക്ക് നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തിയും വിവരം അറിയിക്കേണ്ടതാണ്. കൂടാതെ ക്രമ നം 1 പ്രകാരം ലഭ്യമാക്കാത്ത ഒരു കമ്പ്യൂട്ടറിന്റെ വിലയായ (43460+18%GST) കമ്പ്യൂട്ടർ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത രേഖകൾ ഹാജരാക്കുന്നത് വരെ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-16 വാടക രജിസ്റ്റർ - അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിലെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായുള്ള കടമുറികളുടെ അടിസ്ഥാന വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ലഭ്യമാക്കിയ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാടകക്ക് കൊടുത്ത രണ്ട് റൂമുകളുടെ വാടക വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വാടകക്ക് കൊടുക്കുന്ന/കൊടുക്കാവുന്ന മുഴുവൻ കടമുറികളുടെയും പൂർണ്ണ വിവരങ്ങൾ (വാടക, വാടകക്കാരൻ, റൂം നമ്പർ, കെട്ടിട നമ്പർ, വാടക ഡെപ്പോസിറ്റ് ഇടങ്ങിയവ) ഇൻഡക്സ് ആയി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ ആകെ റൂമുകളുടെ എണ്ണം, എത്ര റൂമുകളാണ് ഒഴിഞ്ഞ് കിടക്കുന്നത് എന്ന് വ്യക്തമല്ല.

2) 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ ചട്ടം 7(2)- ഫാറം III പ്രകാരം കരാറുകൾ പതിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/24-25/3-10-25) മറുപടി ലഭ്യമായില്ല. വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തിയ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

## 1-17 HMC-വാർഷിക കണക്കുകൾ ലഭ്യമാക്കിയില്ല

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായിട്ടുള്ള പള്ളിക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററിന്റെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ 2018-19 വർഷം വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയും റിപ്പോർട്ട് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, 2019-20 മുതൽ 2024-25 വരെയുള്ള വാർഷിക കണക്കുകൾ തയ്യാറാക്കി നാളിതു വരെ ഓഡിറ്റിനു സമർപ്പിച്ചിട്ടില്ല. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച്, ജൂലൈ 31-ന് മുമ്പ് വാർഷിക കണക്ക് തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കണം എന്നാണ് വ്യവസ്ഥ. ആയത് പാലിക്കപ്പെട്ടിട്ടില്ല എന്നത് ഗൗരവതരവും പരിശോധനാ വിധേയമാക്കേണ്ടതുമാണ്.

മേൽ കാലയളവിലെ വാർഷിക കണക്കുകൾ നിർദ്ദിഷ്ട പ്രഫോർമയിൽ തയ്യാറാക്കി വരവ് ചെലവ് രേഖകൾ സഹിതം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. നിലവിൽ നടന്നു വരുന്ന 2024-25 വർഷത്തെ ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് വേളയിൽ പരിശോധിക്കേണ്ടതായതിനാൽ വാർഷിക കണക്കുകളോടൊപ്പം മാസാന്ത്യ വർഷാന്ത്യ സംഗ്രഹം സാക്ഷ്യപ്പെടുത്തിയ ക്യാഷ് ബുക്ക്, ബാങ്ക് പാസ്ബുക്ക്/ സ്റ്റേറ്റ്മെന്റ് , ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവയും അഡ്വാൻസ്/ റീഫണ്ട് രജിസ്റ്റർ , ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, എന്നിവയും HMC മിനിട്സ് ബുക്കും ഹാജരാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ച് 7/27-09-2025 ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കിയില്ല. നിശ്ചിത മാതൃകയിൽ വരവ് ചെലവ് കണക്ക് തയ്യാറാക്കി, മാനേജ്മെന്റ് കമ്മിറ്റി അംഗീകരിച്ച വാർഷിക കണക്ക് ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## 1-18 മുൻകൂറായി തുക നൽകി. മരുന്നു മുഴുവൻ ലഭ്യമായിട്ടില്ല

അലോപ്പതി മെഡിക്കൽ ഓഫീസർ (FHC) നിർവഹണം നടത്തിയ പദ്ധതികളിൽ മരുന്നുകൾ വാങ്ങുന്നതിനായി താഴെ ചേർക്കും പ്രകാരം തുക KMSCL ന് നല്കിയെങ്കിലും മരുന്നു മുഴുവൻ ലഭ്യമായിട്ടില്ല. വിശദാംശം:

| ക്രമ നം. | പ്രോജക്ട് പേര്, നമ്പർ | അടങ്കൽ | മരുന്നിനായി നല്കിയ തുക | ബിൽ റെഫ.നം./വൗച്ചർ തി. | ലഭ്യമായത് (മരുന്നുകളുടെ മൂല്യം) | ശേഷിക്കുന്നത് (മരുന്നുകളുടെ മൂല്യം) |
|---|---|---|---|---|---|---|
| 1. | BFHC യിലേക്ക് മരുന്ന് വാങ്ങൽ പരിരക്ഷ പദ്ധതി 07/25 | 800000 പൊതുവിഭാഗം സാധാരണ വിഹിതം | 796568 പൊതുവിഭാഗം സാധാരണ വിഹിതം | 24151063019800245525 തി.12.06.24 | 606018 | 190550 |
| 2. | സെക്കണ്ടറി പാലിയേറ്റീവ് മരുന്ന് വാങ്ങൽ (08/25) | 600000 | 191635 പൊതുവിഭാഗം സാധാരണ വിഹിതം | 24151063019801009199 തി 11.12.2024 | 0 | 191635 |
| | **ആകെ** | | **988203** | | **606018** | **382185** |

ശേഷിക്കുന്ന മരുന്നുകൾ നിലവിൽ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ സ്റ്റോക്ക് വിവരം സാക്ഷ്യപ്പെടുത്തിയ ഇൻവോയിസ് സഹിതം അറിയിക്കേണ്ടതാണ്. *(ഓഡിറ്റ് എൻക്വയറി 9/29.9.2025-ന മറുപടി ലഭ്യമായിട്ടില്ല)*

## 1-19 പി.എം.എ.വൈ - ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.

2024-25 വർഷത്തെ പി.എം.എ.വൈ. ഭവന നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | അനുവദിച്ച എണ്ണം | | | വീടുകളുടെ നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ എണ്ണം | തറ പൂർത്തീകരിച്ചത് | ലിന്റൽ വരെ എത്തിയത് | റൂഫ് വരെ എത്തിയവർ | പൂർത്തീകരിച്ചവർ |
|---|---|---|---|---|---|---|---|---|
| | ജനറൽ | എസ്.സി | ആകെ | | | | | |
| ചെറുകാവ് | 36 | 5 | 41 | 1 | 8 | 12 | 19 | 1 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ചേലേമ്പ്ര | 12 | 1 | 13 | - | 3 | 2 | 5 | 3 |
| മുതുവല്ലൂർ | 25 | 10 | 35 | 1 | 8 | 10 | 13 | 3 |
| പള്ളിക്കൽ | 33 | 7 | 40 | 3 | 9 | 17 | 8 | 3 |
| പുളിക്കൽ | 28 | 9 | 37 | - | 13 | 6 | 18 | |
| വാഴക്കാട് | 41 | 17 | 58 | 1 | 21 | 21 | 15 | - |
| വാഴയൂർ | 41 | 7 | 48 | 1 | 6 | 31 | 9 | 1 |
| **ആകെ** | | | **272** | **7** | **68** | **99** | **87** | **11** |

മൊത്തം 272 വീടുകൾ നിർമ്മിക്കുന്നതിന് അനുമതിയായെങ്കിലും നാളിതു വരെ 11 വീടുകൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. 7 പേർ നാളിതു വരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. മറ്റുള്ളവർ ഭവന നിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകളിൽ എത്തി നിൽക്കുന്നു. ഭവന നിർമ്മാണങ്ങളിൽ പുരോഗതി ഇല്ലാത്തതിനാൽ പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തുന്നതിന് കാലതാമസം സംഭവിക്കുന്നു. ഭവന നിർമ്മാണങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.19/2024-25/03.10 .2025)

## 1-20 ഭിന്ന ശേഷി സ്കോളർഷിപ്പ്- വിനിയോഗ വിവരം ലഭ്യമല്ല

ശിശുവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഭിന്ന ശേഷി സ്കോളർഷിപ്പ്- എന്ന പദ്ധതിയിൽ താഴെ ചേർക്കും പ്രകാരം വികസന ഫണ്ടിൽ നിന്നും (ജനറൽ) വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗ വിവരം ലഭ്യമല്ല.

| പ്രോജക്ട് | ഗ്രാമ പഞ്ചായത്ത് | നൽകിയ തുക | ബിൽനമ്പർ (ACR പ്രകാരം) |
|---|---|---|---|
| ഭിന്ന ശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നല്കൽ (54/2025) അടങ്കൽ-35,00,000 | ചെറുകാവ് | 220266 | 170/18.12.34 |
| | ചെറുകാവ് | 323500 | 173/18.12.24 |
| | വാഴക്കാട് | 323687 | 174/18.12.24 |
| | ചേലേമ്പ്ര | 483373 | 175/18.12.24 |
| | പള്ളിക്കൽ | 98104 | 183/18.12.24 |
| | പള്ളിക്കൽ | 484500 | 184/18.12.24 |
| | വാഴയൂർ | 323686 | 185/18.12.24 |
| | മുതുവല്ലൂർ | 466000 | 186/18.12.24 |
| | പുളിക്കൽ | 486500 | 187/18.12.24 |
| | പുളിക്കൽ | 290384 | 188/18.12.24 |
| ആകെ | | 35,00,000 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/27.09.2025 ന് നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.ആയത് വരെ ചെലവ് തുക 35,00,000 തടസ്സം ചെയ്യുന്നു.

## 1-21 സ്വയം തൊഴിൽ സംരംഭത്തിന് സഹായം -സബ്സിഡി കൈപ്പറ്റിയ ഗുണഭോക്താക്കൾ സംരംഭം ആരംഭിച്ചില്ല.

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വനിതാ ഗ്രൂപ്പ് സ്വയം തൊഴിൽ സംരംഭത്തിന് സബ്സിഡി സഹായം (4/2025) എന്ന പദ്ധതി പ്രകാരം 6 വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള ധന സഹായമായി 20,79,999 രൂപ താഴെ പറയും പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗ്രൂപ്പ് , സംരംഭം | സംരംഭകർ | നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|---|
| 1 | ന്യൂർ അടക്കാപൊളി യൂണിറ്റ് , മുതുവല്ലൂർ | ഷബ്ന.കെകെ.& ആമിനകോയ | 3,75,000 | 24151063019501447530/ 7.03.2025 |
| 2 | M/S ഷഹിദ് ഫ്ലോർ & ഓയിൽ മിൽ , ചെറുകാവ് | ഫൗസിയ.കെ.പി & ഖദീജ (ആരംഭിച്ചിട്ടില്ല) | 3,75,000 | 24151063019501467158/ 7.03.2025 |
| 3 | M/S അൽ റബി , | ജുബീന& ഷെരീഫ | 2,04,999 | 24151063019501447525/ |

| | | | | |
|---|---|---|---|---|
| | വാഴക്കാട് ,അച്ചാർ യൂണിറ്റ് | | | 7.03.2025 |
| 4 | സി.എം ഫ്ലോർ & ഓയിൽ മിൽ , ചേലേമ്പ്ര | രമ്യ& വിദ്യ (ആരംഭിച്ചിട്ടില്ല) | 3,75,000 | 241510630195014475 20/ 7.03.2025 |
| 5 | M/S തളിർ , ചേലേമ്പ്ര | ഉമ്മുസ്സലാം& അസ്മാബി | 3,75,000 | 241510630195014475 27/ 7.03.2025 |
| 6 | ബി സിക്സ് അഗ്രോ പ്രൊഡക്ട് യൂണിറ്റ് വാഴയൂർ | ബുഷ്റ.വി & തബ്ഷിറ | 3,75,000 | 241510630195014475 24/ 6.03.2025 |
| | | ആകെ | 20,79,999 | |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 29.09.2025 ന് ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ ക്രമ നമ്പർ 1, 3 സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിച്ചു. സംരംഭങ്ങൾ നിലവിൽ പ്രവർത്തിക്കുന്നു എന്ന് ബോധ്യമായി. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. ധന സഹായം കൈ പറ്റിയ താഴെ പറയുന്ന ഗ്രൂപ്പുകൾ നാളിതുവരെ സ്ഥാപനം തുടങ്ങിയിട്ടില്ല.

| | സ്ഥാപനം | കൈപറ്റിയ തുക |
|---|---|---|
| 1 | സി.എം ഫ്ലോർ & ഓയിൽ മിൽ , ചേലേമ്പ്ര | 3,75,000 |
| 2 | എം/എസ് ഒലീവ് ഫ്ലോർ & ഓയിൽ മിൽ , ചെറുകാവ് | 3,75,000 |
| | ആകെ | 7,50,000 |

2.സർക്കാർ ഉത്തരവ് (കൈ) നം.115 /2022/തസ്വഭവ തിയതി 28.5.22 ഖണ്ഡിക 6.5.4.5 പ്രകാരം സി.ഡി.എസ് സംവിധാനത്തിലെ ഒരു മൈക്രോ എന്റർപ്രൈസ് കൺസൽട്ടന്റ്, വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേണൽ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ ചേർന്ന ഒരു സമിതി പ്രസ്തുത പ്രവർത്തി മോണിറ്ററിംഗ് നടത്തേണ്ടതായിരുന്നു. കമ്മിറ്റി പ്രസ്തുത പ്രവർത്തി മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/03.10.2025. ന് മറുപടി നൽകിയിട്ടില്ല. ഇനിയും പ്രവർത്തനം ആരംഭിക്കാത്ത സംരംഭങ്ങളുടെ കാര്യത്തിൽ ഇടപെടലുകൾ നടത്തി, സംരംഭം ഫലപ്രദമായ വിധത്തിൽ പ്രവർത്തിക്കുന്നു എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.സംരംഭം ആരംഭിച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക പലിശ സഹിതം തിരിച്ചടക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 7,50,000 രൂപ തടസ്സം ചെയ്യുന്നു.

## 1-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - അഡ്വാൻസ് കൈപറ്റി നാളിതുവരെ പഠനമുറി നിർമ്മാണം ആരംഭിച്ചില്ല.

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി (6/2025) എന്ന പദ്ധതി പ്രകാരം 36 ഗുണഭോക്താക്കളുടെ പഠന മുറി നിർമ്മാണത്തിനായി 28,26,000 രൂപ നൽകിയിട്ടുണ്ട് എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് കൈപറ്റി നാളിതുവരെ പഠനമുറി നിർമ്മാണം ആരംഭിച്ചിട്ടില്ലെന്ന് വ്യക്തമായി . വിശദ വിവരം ചുവടെ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപറ്റിയ തുക | ബിൽ നമ്പർ |
|---|---|---|---|
| 1. | നിധിൻ കൃഷ്ണ S/O നീലകണ്ഠൻ വി.പി പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് | 30,000 | 241510630189011716 86/14.01.2025 |
| 2 | റിജുൽ.എ.പി S/Oരമേഷ്.എ.പി ചെറുകാവ് ഗ്രാമ പഞ്ചായത്ത് | 30000 | 241510630189011716 86/14.01.2025 |
| 3. | അശ്വിൻ.എൻ S/Oസജിനി.പി ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത് | 30,000 | 241510630189013103 91/11.02.2025 |
| 4 | തീർത്ഥ.വി D/O സുഭാഷ് വി | 30,000 | 241510630189015508 88/11.02.2025 |

| | | | |
|---|---|---|---|
| | ചെറുകാവ് ഗ്രാമ പഞ്ചായത്ത് | | |
| 5. | ശിഹാദി.എം.പി<br>D/O സുരേഷ് കുമാർ<br>ചെറുകാവ് ഗ്രാമ പഞ്ചായത്ത് | 30,000 | 24151063018901550888/11.02.2025 |
| 6 | ആതിര .സി<br>D/Oചന്ദ്രൻ<br>പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് | 30,000 | 24151063018901550888/11.02.2025 |
| | ആകെ | 1,80,000 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/03.10.2025 ന് മറുപടി നൽകിയിട്ടില്ല. മേൽ ഗുണഭോക്താക്കളുടെ നിർമാണ പുരോഗതി വിലയിരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് 1,80,000 രൂപ തടസ്സം ചെയ്യുന്നു.

## 1-23 കുടിവെള്ള പദ്ധതി പുനരുദ്ധാരണം - പഴയ മോട്ടോറും അനുബന്ധ സാമഗ്രികളും - ലേലം ചെയ്ത് മുതൽ കൂട്ടിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ താഴെ രേഖപ്പെടുത്തിയ പ്രോജക്ട് പ്രകാരം കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റി സ്ഥാപിക്കുന്നതിന് തുക വിനിയോഗിച്ചിട്ടുണ്ട്.

| പ്രോജക്ട് | ചെലവ് തുക | വൗച്ചർ നമ്പർ |
|---|---|---|
| 252/25 ഉണ്ണ്യാൽ പറമ്പ് കുടിവെള്ള പദ്ധതി മോട്ടോർ മാറ്റി സ്ഥാപിക്കൽ | 194510 | 16/24-25 /27.07.2024 -143777<br>17/24-25 /17.07.2024 -50733 |

പുതിയ മോട്ടോറുകൾ വാങ്ങിയപ്പോൾ പഴയ മോട്ടോറുകളും അനുബന്ധ സാമഗ്രികളും ലേലം ചെയ്ത് നാളിത് വരെ പഞ്ചായത്തിലേക്ക് മുതൽ കൂട്ടിയില്ല. ഡെലിവറി പൈപ്പ്, കേബിൾ, വയറിംഗ് സാമഗ്രികൾ, പാനൽ ബോർഡ്, മെയിൻ സ്വിച്ച് തുടങ്ങിയവ ഉൾപ്പെടെ ഒരു HP ക്ക് 12195.75രൂപ പ്രകാരം ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

എന്നാൽ പ്രസ്തുത കിണറുകളിൽ ഉണ്ടായിരുന്ന പഴയ മോട്ടോറുകളും അനുബന്ധ സാമഗ്രികളും എന്ത് ചെയ്തുവെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പള്ളിക്കൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിലാണ് വർക്ക് ചെയ്യുന്നത്. പഴയ മോട്ടോർ പള്ളിക്കൽ ഗ്രാമ പഞ്ചായത്തിന് രേഖാമൂലം തിരിച്ചേൽപ്പിക്കേണ്ടതാണ്. ആയത് റിപ്പയർ ചെയ്ത് മറ്റേതെങ്കിലും കുടിവെള്ള പദ്ധതിക്ക് ഉപയോഗപ്പെടുത്തുകയോ അതല്ലെങ്കിൽ ലേലം ചെയ്ത് ലഭിച്ച തുക പഞ്ചായത്തിലേക്ക് മുതൽകൂട്ടുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആക്കാര്യം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് . പഴയ മോട്ടോറിന്റെ വാല്യുവേഷൻ ലഭ്യമായിട്ടുണ്ടോ എന്നും ആയത് ലേല നടപടികൾക്കായി പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ടോയെന്നും അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 05/27.09.2025 പ്രകാരം അപാകത ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. പഴയ മോട്ടോറും പുതിയ മോട്ടോറും പരാമർശിത കുടിവെള്ള പദ്ധതിയുടെ ആവശ്യത്തിനായി ഉപയോഗപ്പെടുത്തി വരുന്നുണ്ട് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടിയുടെ ആധികാരികത തുടർന്നുള്ള ഓഡിറ്റിൽ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതാണ്.

## 1-24 സ്റ്റേജ് നിർമാണം - മണ്ണ് കിളച്ചെടുക്കുന്നതിന് അധിക തുക നൽകി

വാഴക്കാട് ജി.എം.യു.പി സ്കൂൾ സ്റ്റേജ്, ക്ലാസ് റൂം നിർമാണം എന്ന 75/25 പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1) ഈ പ്രവൃത്തിയുടെ ഇനം ഒന്ന് ആയി മണ്ണ് കിളച്ചെടുത്തതിന് DSR കോഡ് 2.8.1 പ്രകാരമുള്ള നിരക്കാണ് നൽകിയിരിക്കുന്നത്. 1.50 മീറ്ററിൽ അധികരിക്കാത്ത വീതിയിൽ മണ്ണ് കിളച്ച് നീക്കുന്നതിനാണ് ഈ ഡാറ്റ പ്രകാരമുള്ള നിരക്ക് നൽകാവുന്നത് എന്ന് ഡാറ്റ പരിശോധനയിൽ കാണുന്നു. 2.8.1 ഡാറ്റ ഇപ്രകാരമാണ്. "Earth Work Excavation By Mechanical Means (Hydraulic Excavator) /Manual Means In Foundation Trenches Or Drains (Not Exceeding 1.5 M In Width Or 10 Sqm On Plan), Including Dressing Of Sides And Ramming Of Bottoms, Lift Up To 1.5 M, Including Getting Out The Excavated Soil And Disposal Of Surplus Excavated Soil As Directed, Within A Lead Of 50 M". എന്നാൽ ഇവിടെ എർത്ത് വർക്കിന്റെ വീതി 1.5 മീറ്ററിൽ അധികം ഉള്ളതായി അളവുകൾ രേഖപ്പെടുത്തിയ ഇ-മെഷർമെന്റ് ബുക്കിൽ നിന്ന് വ്യക്തമാവുന്നു. എർത്ത് വർക്കിന്റെ വീതി 1.5 മീറ്ററിൽ അധികം വരുന്ന പ്രവൃത്തിയിൽ കോഡ് 2.8.1 പ്രകാരമുള്ള നിരക്ക് നൽകേണ്ടതില്ല. ഈ ഇനത്തിന് DSR കോഡ് 2.6.1 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടിയിരുന്നത്. 2.6.1 കോഡ് ഇപ്രകാരമാണ്. "Earth Work In Excavation By Mechanical Means (Hydraulic Excavator)/Manual Means Over Areas (Exceeding 30 Cm In Depth, 1.5 M In Width As Well As 10 Sqm On Plan) Including Disposal Of Excavated Earth, Lead Up To 50 M And Lift Up To 1.5 M, Disposed Earth To Be Levelled And Neatly Dressed". തെറ്റായ കോഡ് നൽകിയതിനാൽ പ്രവൃത്തിയിൽ കരാറുകാരന് അധികം തുക

നൽകിയതായി ശ്രദ്ധയിൽ പെടുത്തുന്നു.

| പ്രവൃത്തിയുടെ വിശദാംശങ്ങൾ | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (GST ഉൾപ്പെടെ) |
|---|---|---|---|---|
| 75/25 വാഴക്കാട് ജി.എം.യു.പി സ്കൂൾ സ്റ്റേജ് , ക്ലാസ് റൂം നിർമാണം<br>നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ<br>വകയിരുത്തിയ തുക : 400000<br>കരാർ - AE/27/07.02.2025<br>കരാറുകാരൻ - സലീം. പി<br>ഫണ്ട് - പ്ലാൻ ജനറൽ<br>എസ്റ്റിമേറ്റ് നമ്പർ : 32125/2025<br>കോസ്റ്റ് ഇൻഡക്സ് - 36.44% , Dsr 2018<br>വൗച്ചർ നമ്പർ - 122/24-03-2025<br>തുക - 233148 | മണ്ണ് നീക്കം ചെയ്യൽ<br>27.372m³ | 5474.4<br>@200/M³<br>(എസ്റ്റിമേറ്റ് റേറ്റ് 298.84. 33.07% ലെസ്സ് നിരക്ക് ) | 3945.4<br>@144.14/M³<br>(എസ്റ്റിമേറ്റ് റേറ്റ് 215.37. 33.07% ലെസ്സ് നിരക്ക് ) | 1528.9 |
| 18% ജി.എസ്.ടി ഉൾപ്പെടെ നഷ്ടം | | | | 1804.2 |

കോളം വർക്കിനുള്ള എർത്ത് വർക്ക് ചെയ്തിട്ടുള്ളത് അളവ് ബുക്ക് പ്രകാരം 34.99 M3 ആണ്. എന്നാൽ 27.372m3 ന് പരിമിതപ്പെടുത്തി മാത്രമാണ് തുക നൽകിയിട്ടുള്ളത്.

2) ടാക്സ് പ്രൊവിഷൻ ഉൾപ്പെടെ 13 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് . ഇതിൽ 105000 രൂപ വൈദ്യുതീകരണത്തിനായി വകയിരുത്തിയ ലംപ്സം തുകയാണ്. 29 ഇനങ്ങൾ ഉൾപ്പെടുന്നതാണ് എസ്റ്റിമേറ്റ്. പ്രവൃത്തിയുടെ ആകെ മൂല്യനിർണയം രേഖപ്പെടുത്തിയത് 311744.74 രൂപയാണ് . (നികുതികൾ ഉൾപ്പെടെ 367859 രൂപ.)എസ്റ്റിമേറ്റിലെ 3, 7, 11, 14 – 29, എക്സ്ട്രാ ഐറ്റം ആയി ഉൾപ്പെടുത്തിയ ഡി.ആർ പാക്കിങ് എന്നീ ഇനങ്ങൾ ചെയ്തിട്ടില്ല എന്ന് വ്യക്തമാവുന്നു. കരാറുകാരന് 2024-25 വർഷം 233148 രൂപയും , 2025-26 വർഷം 134711 രൂപയും നൽകിയതായി ഫയലിൽ നിന്ന് വ്യക്തമാവുന്നു. എസ്റ്റിമേറ്റിലെ 20 ഇനങ്ങൾ നിർവഹണം ചെയ്തിട്ടില്ല. പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 04/27.09.2025 പ്രകാരം അപാകത ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. കരാറുകാരന് തുക നൽകിയ സമയത്ത് ഫണ്ടിന്റെ ലഭ്യത കുറവ് കാരണം 2855 രൂപ കുറവ് ചെയ്താണ് കരാറുകാരന് തുകനൽകിയത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരണം നൽകി. വിശദീകരണം വസ്തുതാപരമാണ് എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു. മറുപടി അംഗീകരിക്കുന്നു. പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടോ എന്നും പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കേണ്ടതാണ്.

## ഭാഗം –2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന

**കൊണ്ടോട്ടി** ബ്ലോക്ക്പഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം (01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ജൂലൈ2024 26 | 13000 | 13000 | NIL | |
| ഓഗസ്റ്റ്2024 26 | 13000 | 13000 | NIL | |
| സെപ്റ്റംബർ2024 25 | 12500 | 12500 | NIL | |
| ഒക്ടോബർ2024 27 | 13500 | 13500 | NIL | |
| നവംബർ2024 28 | 14000 | 14000 | NIL | |
| ഡിസംബർ2024 28 | 14000 | 14000 | NIL | |
| ജനുവരി2025 27 | 13500 | 13500 | NIL | |
| ഫെബ്രുവരി2025 27 | 13500 | 13500 | NIL | |
| മാർച്ച്2025 27 | 13500 | 13500 | NIL | |
| ഏപ്രിൽ2025 27 | 13500 | 13500 | NIL | |
| മെയ്2025 27 | 13500 | 13500 | NIL | |
| ജൂൺ2025 26 | 13000 | 13000 | NIL | |

**2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഏപ്രിൽ 2024 | 11600 | 11600 | NIL | |

**3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| NIL | | | | |

**4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച | മെഡിസെപ് പ്രീമിയം | മെഡിസെപ് പ്രീമിയം | ഒടുക്കാൻ ബാക്കി | റിമാർക്സ് |
|---|---|---|---|---|---|

| മാസം | ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | ഇനത്തിൽ ഒടുക്കിയ തുക | നിൽക്കുന്ന തുക |
|---|---|---|---|
| Nil | | | |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 25-09-2025 മുതൽ 28-09-2025വരെ | ഈ റിപ്പോർട്ടിൽ ഖണ്ഡിക 1-1, അനുബന്ധം 1,2 ആയി ചേർത്തിട്ടുണ്ട്. |

## 4-3 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ട് നം, പേര് | ലഭിച്ച തുക (₹) | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്തുകൾ | 42/25 - പി.എം.എ.വൈ. ഭവന പദ്ധതി ജനറൽ | 770000 | 770000 | 0 |
| | 131/25-വാഴൂർ ഗ്രാമ പഞ്ചായത്ത് ബഡ്സ് സ്കൂൾ നിർമ്മാണം | 682940 | 682940 | 0 |
| | 50/25 - പി.എം.എ.വൈ. ഭവന പദ്ധതി എസ്.സി | 210000 | 210000 | 0 |
| | **ആകെ** | 1662940 | 1662940 | 0 |
| ജില്ലാ പഞ്ചായത്ത് | 131/25-വാഴൂർ ഗ്രാമ പഞ്ചായത്ത് ബഡ്സ് സ്കൂൾ നിർമ്മാണം | 1700000 | 1700000 | 0 |
| | 130/25-ചേനമല വാളാത്ത് പറമ്പ് കുടിവെള്ള പദ്ധതി | 294786 | 294786 | 0 |
| | **ആകെ** | 1994786 | 1994786 | 0 |

## 4-4 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| GWD | 94/25, വിവിധ കോളനികളിൽ കുഴൽ കിണർ നിർമ്മാണം | BRN 24151063003600141923/9-5-24-203013/- രൂപ BRN 24151063003600141948/9-5-24-56175/- രൂപ | 259188 | 0 | പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല | 0 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-7 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2013-14 | 3-1 | 2014-15 | നിഷ്ക്രിയാസ്തികൾ അവലോകനം | - നടപടികൾ തുടരുന്നു |

## 4-10 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 106594041 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 102310976 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 49,80,103 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 39,632 | ശ്രീ. വിനോദ് പട്ടാളത്തിൽ, സെക്രട്ടറി |
| 1-14 | 4,59,188 | ശ്രീ. വിനോദ് പട്ടാളത്തിൽ, സെക്രട്ടറി |
| 1-15 | 51283 | ശ്രീ. വിനോദ് പട്ടാളത്തിൽ, സെക്രട്ടറി |
| 1-20 | 35,00,000 | ശ്രീമതി റംലത്ത് പി സി , ശിശുവികസന ഓഫീസർ |
| 1-21 | 7,50,000 | ശ്രീ നിസാം കെ കാരി , ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-22 | 1,80,000 | ശ്രീ. മുനീർ റഹ്മാൻ , പട്ടിക ജാതി വികസന ഓഫീസർ |
| ആകെ | 49,80,103 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.എം.4/1305/11 തിയ്യതി 30-07-15/03-10-2015 | 1 |
| 1998-99 | എൽ.എഫ്.എം.4/1306/11 തിയ്യതി 18/02/2012 | 3 |
| 1999-2000 | എൽ.എഫ്.എം.4/2611/12 തിയ്യതി 30/07/2015 | 1 |

| | | |
|---|---|---|
| 2000-01 | എൽ.എഫ്.എം.4/1153/13 തീയ്യതി 30/07/2015 | 4 |
| 2001-02 | എൽ.എഫ്.എം.4/1075/13 തീയ്യതി 30/07/2015 | 2 |
| 2002-03 | എൽ.എഫ്.എം.4/1630/09 തീയ്യതി 30/07/2015 | 3 |
| 2003-04 | എൽ.എഫ്.എം.4/1076/13 തീയ്യതി 30/07/2015 | 3 |
| 2004-05 | എൽ.എഫ്.എം.4/822/12 തീയ്യതി 31/07/2015 / 3-10-15 | 4 |
| 2005-06 | എൽ.എഫ്.എം.4/434/13 തീയ്യതി 31/07/2015 | 2 |
| 2006-07 | എൽ.എഫ്.എം.4/1394/13 തീയ്യതി 31/07/2015 | 3 |
| 2007-08 | എൽ.എഫ്.എം.4/3581/14 തീയ്യതി 31/07/2015 | 14 |
| 2008-09 | എൽ.എഫ്.എം.4/1434/13 തീയ്യതി 31/07/2015 | 4 |
| 2009-10 | എൽ.എഫ്.എം.4/93/15 തീയ്യതി 31/07/2015 | 10 |
| 2010-11,11-12,12-13 | എൽ.എഫ്.എം.4/2286/14 തീയ്യതി 28/03/17 | 30 |
| 2013-14 | എൽ.എഫ്.എം.4/482/15 തീയ്യതി 25/01/16 | 11 |
| 2014-15 | കെ.എസ്.എ.എം.പി.എം.4/522/16 തീയ്യതി 22/01/2018 | 3 |
| 2015-16 | കെ.എസ്.എ.എം.പി.എം.4/5550/17 തീയ്യതി 10/03/2017 | 6 |
| 2016-17 | കെ.എസ്.എ.എം.പി.എം.4/2532/17 തീയ്യതി 03/05/2018 | 4 |
| 2017-18 | കെ.എസ്.എ.എം.പി.എം.4/356/19 തീയ്യതി 10/04/2019 | 6 |
| 2018-19 | കെ.എസ്.എ.എം.പി.എം.4/1706/2021/16-12-2021 | 10 |
| 2019-20 | കെ.എസ്.എ.എം.പി.എം.4/1215/22 /26-6-22 | 7 |
| 2020-21 | കെ.എസ്.എ.എം.പി.എം.4/1216/2022/21-6-22 | 13 |
| 2021-22 | കെ.എസ്.എ.എം.പി.എം.4/210/23/10-3-23 | 12 |
| 2022-23 | കെ.എസ്.എ.എം.പി.എം.4/2334/2024/ 30.01.2025 | 6 |
| 2023-24 | കെ.എസ്.എ.എം.പി.എം.4/2243/2024/ 29.03.2025 | 20 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

DISTRICT AUDIT OFFICE
KERALA STATE AUDIT DEPARTMENT
MALAPPURAM - 676 505

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1-1 dated 12-06-2025 and submitted on 13-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Kondotty Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kondotty Block Panchayat as on 31-03-2025

**Date: 13/11/2025**

Senior Deputy Director
District Office Malappuram
Kerala State Audit Department

DISTRICT AUDIT OFFICE KERALA STATE AUDIT DEPARTMENT

## Audit Report appended to the Audit Certificate of Kondotty Block Panchayat for the Year 2024-2025 .

**1.Major Observations**

NIL

**2.Other Observations**

**1) Notes of the secretary on the Annual Financial Statement as required by Rule 62(2)(e) of the Kerala Panchayat Raj Account Rules, 2011, Key Annual Ratios as per Rule 62(2)(f), comparative amounts of the previous as per Rule 62(3) are not included in the Annual Financial Statement submitted for audit.**

2) The amount titled Net increase in cash and cash equivalance in the cash flow statement does not match with the amount titled Net cash generated by Operating + Investing + Financing Activity (A+B+C) in the same statement.

3) As the Asset Register was not up to date, it was rendered impossible to check the correctness of the money value of fixed assets recorded in the Annual Financial Statement.

4) Deposit register is not maintained.

5) The supplementary information (rate of depreciation, book value of asset, life time of asset etc) towards calculation of Fixed Asset depreciation as per Balance Sheet schedule B-11 was not made available for verification (Kerala Panchayat Raj (Accounts) Rules, 2011, Rule 58 4 (G))

6) Advance register is not maintained so that the accuracy of the advance balance under accounting head 460500501 and 460509901 in Schedule B-18 of the balance sheet could not be verified.

7)Capital contribution amount shown in Balance sheets as on 31.3.24 and 31.3.25 are the same.

8)Non disclosure of liability with respect to the bank balance opened for specific purpose is shown below.

| sl. no | Head of account | Bank account | amount(rupees) |
|---|---|---|---|
| 1 | 450210101 | SBI -E Tender | 1,88,975 |
| 2 | 450620101 | Kerala Gramin Bank<br>2296-Misc- A/C | 19,02,720 |
| 3 | 450620105 | Kerala Gramin Bank<br>TSC-2617 | 30,83,762 |

9)Depreciation provided for Movable Assests of Office equipments and other equipments as on 31.3.25 is more than the book value of such assets.

10)Expenditure incurred using funds like Central finance Commission grant, District Panchayath share etc Varies in sulekha statement of expenditure as compared to the annual financial statements details of which are shown below

| sl.no | fund | As per sulekha expenditure statement (rupees) | As per annual financial statement(rupees) | | | Difference (rupees) |
|---|---|---|---|---|---|---|
| | | | Revenue expenditure (shedule I6) | Capital expenditure ( shedule B-3) | total | |
| 1 | District panchayat | 19,94,786 | 17,53,155 | - | 17,53,155 | 2,41,631 |
| 2 | CFC grant | 1,81,56,003 | 1,84,00,383 | - | 1,84,00,383 | 2,44,380 |

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

DISTRICT AUDIT OFFICE
KERALA STATE
AUDIT DEPARTMENT
MALAPPURAM